(ഇ) തുറമുഖ വകുപ്പിൽനിന്നും ആവശ്യമായ അനുമതി ലഭ്യമാവുകയും പണി തുടങ്ങിയിട്ടില്ലാത്ത കരാറുകാരെ ഒഴിവാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാവുകയും ചെയ്യുന്ന മുറയ്ക്ക് പണികൾ ആരംഭിക്കുന്നതാണ്.

(എഫ്) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടും ഏറ്റെടുത്ത് നടപ്പാക്കാത്ത പ്രവൃത്തികൾ ഇല്ല.

(ജി) ആലപ്പുഴ തുമ്പോളിയിൽ ചെയിനേജ് 23.8 കിലോമീറ്ററിനും 25.00 കിലോമീറ്ററിനും ഇടയിൽ 900 മീറ്റർ നീളത്തിൽ 194 ലക്ഷം രൂപ ചെലവ് വരുന്ന കടൽഭിത്തി നിർമ്മാണം നാഷണൽ കോസ്റ്റൽ പ്രൊട്ടക്ഷൻ പ്രോജക്ടിൽ ഉൾപ്പെടുത്തി കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(എച്ച്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ നിയോജകമണ്ഡലത്തിൽ 123.53 ലക്ഷം രൂപയുടെ നിർമ്മാണജോലികൾ പൂർത്തിയായിട്ടുണ്ട്.

(ഐ) 78 ലക്ഷം രൂപ അടങ്കൽ തുകയുടെ 11 ജോലികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്.

പൂർത്തിയാക്കാനുള്ള ജലസേചന പദ്ധതികൾ

41 (266) ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി മണ്ഡലത്തിലെ പൂർത്തിയാകാനുള്ള ജലസേചന പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) ഇവ എന്നത്തേക്ക് പൂർത്തിയാകും എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ പര്യവേഷണത്തിൽ ഇരിക്കുന്ന വൻകിട ജലസേചന പദ്ധതിയായ ചാലിയാർ ജലസേചന പദ്ധതി മാത്രമേ മഞ്ചേരി മണ്ഡലത്തിൽ ഉൾപ്പെടുന്നുള്ളൂ.

(ബി) ചാലിയാർ പദ്ധതിയുടെ പണി തുടങ്ങിയാൽ ആറു വർഷം കൊണ്ട് പദ്ധതി പൂർത്തിയാക്കുവാൻ കഴിയും.

വാട്ടർ സപ്ലൈ സ്കീം പൂർത്തീകരിക്കുവാൻ നടപടി

42 (267) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1993-ൽ ആരംഭിച്ച വർക്കല ടർബൻ വാട്ടർ സപ്ലൈ സ്കീം ഇതേവരെ പൂർത്തിയാക്കിയിട്ടില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly